(എ) ടെൽക്കിന്റെ ഓപ്പറേറ്റിംഗ് പ്രോഫിറ്റ് 2003-04-ൽ 651.88 ലക്ഷം രൂപയാണ്. കമ്പനിയുടെ സഞ്ചിതനഷ്ടം 5758.19 ലക്ഷം രൂപയും Net worth (—) 1461.23 ലക്ഷം രൂപയുമാണ്.

(ബി) കഴിഞ്ഞ പത്ത് വർഷമായി ടെൽക്ക് ബി.ഐ.എഫ്.ആർ.-ന്റെ പരിധിയിലാണ്. നൂതന സാങ്കേതിക വിദ്യയും നിലവിലുള്ള പഴയ യന്ത്ര സാമഗ്രികളും മറ്റ് ഉൽപ്പാദനോപാധികളും നവീകരിക്കുകയും ചെയ്തൽ മാത്രമേ ടെൽക്കിന് നിലനിൽക്കുവാൻ കഴിയുകയുള്ളൂ. ഇതിന് വൻതോതിൽ മുടക്കുമുതൽ ആവശ്യമാണ്. എന്നിരുന്നാലും ആധുനിക ടെക്നോളജി ഇല്ലാതെ ടെൽക്കിന് നിലനിൽക്കുവാൻ കഴിയില്ല. അതിനുവേണ്ടി ഒരു സ്ട്രാറ്റജിക് പാർട്ണറെ കണ്ടെത്തേണ്ടതുണ്ട്. ടെൽക്കിനെ എസ്.ബി.ഐ.-യുടെ സഹായത്തോടെ സ്വകാര്യവൽക്കരിക്കാൻ ഗവൺമെന്റ് തന്നെ ബി.ഐ.എഫ്.ആർ.-ന്റെ നിർദ്ദേശമുണ്ട്. എന്നാൽ ഈ ഉത്തരവിനെതിരെ സർക്കാർ ഡൽഹി ഹൈക്കോടതിയിൽനിന്ന് സ്റ്റേ വാങ്ങിയിട്ടുണ്ട്. ബി.ഐ.എഫ്. ആർ.-ന്റെ അന്തിമവിധിയായിട്ടില്ല. ടെൽക്കിന് മെച്ചപ്പെട്ട സാങ്കേതികവിദ്യ വേണമെന്നതുകൊണ്ടും, സർക്കാരിൽനിന്നും വലിയ സാമ്പത്തിക സഹായം ലഭ്യമാക്കാൻ സാഹചര്യമില്ലാത്തതുകൊണ്ടുമാണ് ടെൽക്കിന് ഒരു സാങ്കേതിക പങ്കാളിയെ തേടാൻ സർക്കാർ ആലോചിക്കുന്നത്.

(സി) 'അരേവ' ടെൽക്കിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കമ്പനിയിലെ വിവിധ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായി.

(ഡി) ഒരു സ്ട്രാറ്റജിക് പാർട്ണറെ ഇല്ലാതെ ടെൽക്കിന് സ്വയം നിലനിൽക്കാൻ കഴിയില്ല. കൂടാതെ ടെൽക്കിന് അധിക സാമ്പത്തിക സഹായം നൽകാനും സർക്കാരിന് കഴിയില്ല.

അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ നശിച്ചുപോകാതെ സംരക്ഷിക്കുന്നതിന് നടപടി

*12 [324] ശ്രീ. എം. കുമാരൻ:
,, കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ നശിച്ചുപോകാതെ നിലനിർത്തുന്നതിനും തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റുമായി സംസ്ഥാനത്ത് സന്ദർശനം നടത്തിയ പാർലമെന്റ് പ്രതിനിധി സംഘം എന്തെങ്കിലും ശുപാർശകൾ സർക്കാരിന് നൽകിയിട്ടുണ്ടോ;

(സി) അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട പി.എഫ്., ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദീർഘകാലമായി അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ താൽക്കാലികമായെങ്കിലും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന ഏതെങ്കിലും തോട്ടങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് സർക്കാർ അനുമതി നൽകാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങളിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ഏതൻറയും ലേബർ കമ്മീഷണർ തലത്തിലും നടത്തിയിട്ടുള്ള ചർച്ചകളിൽ ഇല നുള്ളാത്തതിനാൽ ചെടികൾ ക്രമാതീതമായി വളർന്ന് തോട്ടം നശിച്ചുപോകുന്നത് തടയാൻ തോട്ടം ഉടമകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിൻറെ ഭാഗമായി ഉടമകളുടെ അനിവാര്യതയും അല്ലാതെയും പല തോട്ടങ്ങളിലും തൊഴിലാളികൾ ഇല നുള്ളുകയും അതു വിറ്റ് അവരുടെ അത്യാവശ്യചെലവുകൾ നിർവ്വഹിക്കുകയും ചെയ്തുവരുന്നതായി ഇരുകൂട്ടരും പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ വളരെ പഴക്കമുള്ള ചെടികൾ റീപ്ലാൻറ് ചെയ്യുവാൻ ഉടമകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) പൂട്ടിക്കിടന്നിരുന്ന തേയിലത്തോട്ടങ്ങളിൽ 2002 നവംബറിൽ പാർലമെൻററി സ്റ്റാൻറിംഗ് കമ്മിറ്റി സന്ദർശിക്കുകയും കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 24-1-2003-ന് ടീ ബോർഡ് ചെയർമാൻറെ നേതൃത്വത്തിൽ അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ സ്ഥിതിയെക്കുറിച്ച് പഠനം നടത്തുവാൻ ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകുകയുണ്ടായി. ഈ കമ്മിറ്റി പഠന റിപ്പോർട്ട് സംസ്ഥാന സർക്കാരിനു നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ അനുസരിച്ചുള്ള മേൽനടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുമുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ 'ബോണക്കാട്' എസ്റ്റേറ്റിലെ ചില തൊഴിലാളികൾ ഗ്രാറ്റുവിറ്റിക്കായി ജില്ലാ ലേബർ ഓഫീസർ മുമ്പാകെ നൽകിയ അപേക്ഷയിൽ ഉത്തരവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഉടമകൾ തുക നൽകാത്തതിനെത്തുടർന്ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവെങ്കിലും തുക നൽകിയിട്ടില്ല.

ഇടുക്കി ജില്ലയിലെ അടച്ചുപൂട്ടിയ 18 എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ അപേക്ഷയിൻമേൽ ഗ്രാറ്റുവിറ്റി വിതരണം ചെയ്യാത്ത ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

പി. എഫ്. വിഹിതം അടയ്ക്കാത്ത തോട്ടം ഉടമകൾക്കെതിരെ നിയമാനുസൃത നടപടികൾ പി.എഫ്. അധികാരികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഇൻഡ്യൻ ടീ ആക്ടിലെ വ്യവസ്ഥകൾപ്രകാരം കേന്ദ്ര സർക്കാരിനുമാത്രമേ ഇതിനുള്ള അധികാരമുള്ളൂ.

(ഇ) ടാറ്റാ ടീ ലിമിറ്റഡ് കമ്പനിയുടെ അധീനതയിലുള്ള 16 തോട്ടങ്ങൾ "കണ്ണൻദേവൻ ഹിൽസ് പ്ലാൻറേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്" എന്ന കമ്പനിക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. ഇതിന് തൊഴിൽ വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly